36	കിഫ്ബി - 2017-18 ഇന്ഫ്രാസ്ട്രക്ചർ മലയോര ഹൈവേ കോളിച്ചാൽ -ചെറുപുഴ റോഡ് കി.മീ. 0/000 മുതൽ 31/200 (ബി.എം. & ബി.സി) ഇൻ കാസറഗോഡ് ജില്ല	30.3	ഉത്തരവ് നമ്പർ.PWD013-16/APR-3/2026/KIIFB തീയതി:13.03.2026 തുകയ്ക്ക് of Rs.78,58,30,685/-	ശ്രീ. Uralungal Labour Contract Co operative Society Ltd	03.09.2019	27 കി.മീ. ദൈർഘ്യത്തിൽ ഡി.ബി.എം (ഡബ്ല്യു.ബി.സി (ബ്രിസി) ടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചു. 3.19 കി.മീ. ദൈർഘ്യമുള്ള വനഭാഗം നിലവിലുള്ള കരാറിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട് വനഭാഗം കൂടി ഉൾപ്പെടുത്തി പുതുക്കിയ സാമ്പത്തികാനുമതി (പുതുക്കിയ ധനാനുമതി) ലഭിച്ചിട്ടുണ്ട് (പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കാൻ കാലതാമസമുണ്ടായി)	100

17	കിഫ്ബി 2017 18 ഇന്റഗ്രേറ്റഡ് മോഡേൺ കൊമേഴ്സ് കോളിപ്പാട് -ചെറുപുഴ റോഡ് കിലോ 8.000 മുതൽ 9.000 (ജിഎം & ബിസി) പ്രോജെക്ട് ഡോക്യുമെന്റ് കാണാനുണ്ട് ലിങ്ക്	3.19 കിമീ	ഉത്തരവ് നമ്പർ കഅ2011 16/AP4 1/2024/പൊ8 തീയതി 11.03.2024 തുകയ്ക്ക് of Rs 30,79,53,525/-	ബ്ലാക്കടവ്	ബ്ലാക്കടവ്	നിലവിലെ പദ്ധതിരാഷ്ട്രപ്പും ഉൾപ്പെടുത്തി വന്നുതി കടന്നു പോകുന്ന യാത്രക്കാരുടെ പ്രയാസങ്ങൾ പൂർത്തീകരിക്കാൻ നിലവിൽ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നെങ്കിലും പല അവസരങ്ങളായി കിഫ്ബിയിൽ നിന്നും സാങ്കേതികാനുമതി നിരസിച്ചു മടുവിൽ പ്രാദേശിക പദ്ധതിയായി വിശദമായ പദ്ധതി നിർദ്ദേശം സമർപ്പിക്കുകയും 18 കോടിയുടെ സാങ്കേതികാനുമതി പദ്ധതി നിർദ്ദേശം ലഭിക്കുകയും ചെയ്തു ടി എസ് സുധ നടപടികളാരംഭിച്ചു വരുന്നു	NA
18	ഉത്തരവാദിത്തടൂറിസം മിഷൻ ഫെയ്സ് 2 പ്രവൃത്തികൾ കിമീ 23.000 മുതൽ 72/435 ഇന്റർ കാണാനുണ്ട് ലിങ്ക്	24 കിമീ	പുതുക്കിയ ധനാനുമതി 86,43,29,837.38 ഉത്തരവ് നമ്പർ കഅ2013 07/AP4 1/2022/പൊ8 തീയതി 02/12/2022	Sri. T. A. ABDUL RAHIMAN	19 09 2022	റോഡ് പ്രവൃത്തിയുടെ മൂന്നുവർ 24 കിമീ മുതലും ബിസി ലെയർ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് ശേഷിച്ച 18 കിമീ തുടം റോഡ് സെഫ്റ്റി പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട് ബാക്കി നാണയിൽ റോഡ് സെഫ്റ്റി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു	11
19	കിഫ്ബി ഇന്റഗ്രേറ്റഡ് സ്കൂൾ കൊമേഴ്സ് കോളിപ്പാട് പട്ടുവം റോഡ് സ്റ്റേ കിമീ 0.000 മുതൽ 2.400 ഇന്റർ കാണാനുണ്ട് ലിങ്ക് പ്രോജെക്ട് ഡോക്യുമെന്റ് സ്ട്രക്ചർ പ്രാം നം 17/403 മുതൽ Ch 20/970 കൾവേർട്ട് മുതൽ Ch 22/120 മുതൽ Ch 22/950	1.96 കിമീ	പുതുക്കിയ ധനാനുമതി ഉത്ത 80,01,72,831 ഉത്തരവ് നമ്പർ കഅ2013 17/AP4 1/2021/പൊ8 തീയതി 15/12/2025	ബ്ലാക്കടവ്	ബ്ലാക്കടവ്	കോളിപ്പാട് പട്ടുവം - കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്തു വരുന്ന മലയോരഹൈവേയുടെ ഭാഗമായ കോളിപ്പാട് പട്ടുവം റീച്ചിൽ 1.96 കി മീ. നീളത്തിൽ വന്നുചേരുന്ന പ്രവൃത്തിയാണ് റോഡ് കടന്നു പോകുന്നത് റോഡ് പ്രവൃത്തിയോടനുബന്ധമായ വന്നുചേരുന്ന പകരമായി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് പകരം ഭൂമി കൈമാറ്റം പ്രവർത്തികൾ ഉൾ കാര്യമായത്തിൽ നിന്നും നടന്നു വരികയാണ്ടിരുന്നു പരിസരമ പോർട്ടലിൽ അപ്ലോഡ് ചെയ്ത മേഖലകൾ ചില സാങ്കേതികൾ മേഖലപ്പെടുത്തിയതിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് നിന്നും തിരിച്ചുപറിഞ്ഞു ഇത് സംബന്ധിച്ച് 22/03/2024 ന് ചീഫ് വികസന സമിതി യോഗത്തിൽ ചർച്ച ചെയ്തതിനാ ടസ്ഥാനത്തിൽ 01/01/2024 ന് കാസർഗോഡ് ഡിവിഷനൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ വെച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കാസർഗോഡ് താലൂക്ക് തഹസിൽദാർ, ബന്ധപ്പെട്ട സർവ്വേയർ എന്നിവരുടെ ഒരു യോഗം നടത്തിയിരുന്നു പ്രസ്തുത യോഗത്തിൽ വെച്ച് തുടർനടപടികൾ സ്വീകരിക്കേണ്ട ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിനെ സ്ഥലങ്ങളാണ് ഇനിയുള്ള തുടർന്ന് 15/04/2024 ന് കാസർഗോഡ് ഡിവിഷൻ ഓഫീസിൽ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് വന്നുചേരുകിക്ക് പകരം ഭൂമി സമർപ്പിക്കുന്നത് വനപ്രദേശം സ്ഥിതിചെയ്യുന്ന താലൂക്കിലെ സർവ്വേയർക്ക് കത്ത് നൽകിയിട്ടുണ്ടായിരുന്നു ഇനിയിപ്പിച്ചുണ്ട് തുടർ ഒരു മീറ്റിംഗ് കൂടി 07 05 2024 തീയതിയിലെ കത്ത് പ്രകാരം ഇനിയിപ്പിച്ചുണ്ട് വന്നു ഡിപ്പാർട്ട്മെന്റിൽ നിന്നും താപകതകൾ പരിഹരിച്ച് 04 ഫയലുകൾ ലഭ്യമാക്കുന്ന മുറക്ക് പരിശോധ പോർട്ടലിൽ സമർപ്പിക്കുന്നതാണ്	NA

അനുബന്ധം III

KRFB- PMU ജംഗ്ഷൻ ഇമ്പ്രൂവ്മെന്റ് പ്രൊജക്ട്

(ഭരണാനുമതി G.O(Rt)No.1069/2022/PWD dated 05.11.2022)

സംസ്ഥാനത്തെ 20 ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിന് G0(Rt) No.1069/2022/PWDThiruvananthapuram Dated 05.11.20222 പ്രകാരം 200 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

<u>തിരുവനന്തപുരം</u>

1. അമ്പലമുക്ക് - സാന്ത്വന ജംഗ്ഷൻ : സംസ്ഥാനത്തെ 20 ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിന് 5.11.2022 -ലെ ഉത്തരവ് നമ്പർ G.O (Rt) No. 1069/2022/PWD Thiruvananthapuram പ്രകാരം 200 കോടി രൂപയുടെ ഭരണാനുമതി സർക്കാരിൽ നിന്നും ലഭിക്കുകയുണ്ടായി. മേൽപ്പറഞ്ഞ 20 ജംഗ്ഷനുകളിൽ തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലെ അമ്പലമുക്ക് - സാന്ത്വന ജംഗ്ഷൻ എന്നീ ജംഗ്ഷനുകളുടെ വികസനവും ഉൾപ്പെടുന്നു.

നിർദിഷ്ട ജംഗ്ഷൻ വികസന പദ്ധതിയിൽ ഉൾപ്പെടുന്ന ആകെ റോഡുകളുടെ നീളം 897 മീറ്ററാണ്. താഴെപ്പറയുന്ന റോഡുകളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്:

1. കവടിയാർ - പേരൂർക്കട റോഡ് (140 മീറ്റർ)
2. അമ്പലമുക്ക് - പരുത്തിപ്പാറ റോഡ് (338 മീറ്റർ)
3. സാന്ത്വന - കുടപ്പനക്കുന്ന് എൻ.സി.സി റോഡ് (160 മീറ്റർ)
4. സാന്ത്വന ജംഗ്ഷൻ - കുറവൻകോട് റോഡ് (170 മീറ്റർ)
5. അമ്പലമുക്ക് - പേരൂർ റോഡ് (89 മീറ്റർ).

പൊതുമരാമത്ത് വകുപ്പ് - ഡിസൈൻ വിഭാഗത്തിൽ നിന്നും 13.50 കോടി (എൽ.എ തുകയായ 7.50 കോടി രൂപ ഉൾപ്പെടെ) രൂപയുടെ ഡി.പി.ആർ കിഫ്ബിയിലേയ്ക്ക് സമർപ്പിക്കുകയും 13.07.2023 തീയതിയിൽ ഉത്തരവ് നമ്പർ PWD023-02/APR-1/2023/KIIFB പ്രകാരം കിഫ്ബിയിൽ നിന്നും 4891.00 Sqm (120.87 Cent) ഭൂമി ഏറ്റെടുക്കുന്നതിനായി 7.53 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുത്തു നൽകുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ ജനറൽ മുഖേനയാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായുള്ള 6(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും അതിരടയാളക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തു. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 10/04/2025 ലെ കെ3/546811/23 വിജ്ഞാപനം മുഖേന RFCTLARR Act 2013 വകുപ്പ് 4(1) പ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ആട്ടോനോമസ്) എന്ന സ്ഥാപനം സാമൂഹിക ആഘാത പഠനം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ തുടർ നടപടികൾക്കായി വിദഗ്ധ സമിതി രൂപീകരിക്കുകയും ആയതിന്റെ റിപ്പോർട്ട് 07.08.2025 തീയതിയിൽ

സർക്കാരിന് സമർപ്പിക്കുകയും പദ്ധതിയ്ക്കായുള്ള ഭൂമിയേറ്റെടുക്കൽ -2013 ലെ RFCTLARR ആക്ട് വകുപ്പ് 8(2) പ്രകാരമുള്ള സർക്കാർ ഉത്തരവ് 02.09.2025 തീയതിയിൽ ലഭിക്കുകയും ചെയ്തു. നിലവിൽ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ റവന്യൂ വിഭാഗം സ്വീകരിച്ചുവരുകയാണ് .

2. ജഗതി - ഡി.പി.ഐ ജംഗ്ഷൻ: ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ ജഗതി - ഡി.പി.ഐ ജംഗ്ഷനുകളുടെ വികസനവും രണ്ടാം ഘട്ടത്തിൽ ജഗതി പാലം മുതൽ പൂജപ്പുര ജംഗ്ഷൻ വരെയും ഡി.പി.ഐ ജംഗ്ഷൻ മുതൽ ഗവ: വുമൺസ് കോളേജ് ജംഗ്ഷൻ വരെയും ആണ് വികസിപ്പിക്കുന്നത്. ആദ്യ ഘട്ടത്തിൽ വഴുതക്കാട് - ജഗതി പാലം വരെ 675 മീറ്ററും ജഗതി മുതൽ ഗവ: വുമൺസ് കോളേജ് റോഡ് 140 മീറ്ററും ഡി.പി.ഐ - മേട്ടുക്കട 60 മീറ്ററും ജഗതി - മേട്ടുക്കട 75 മീറ്ററും ജഗതി - ഇടപ്പഴഞ്ഞി 175 മീറ്ററുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ നിന്നും ഒന്നാം ഘട്ടത്തിന്റെ ഡി.പി.ആർ അംഗീകാരത്തിന് വേണ്ടി കിഫ്ബിയിൽ 05/10/2024 ന്ന് സമർപ്പിക്കുകയും ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി മാത്രമായി 10.79 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ഉത്തരവ് നമ്പർ PWD023-15/PE-26-PAD/2024/KIIFB പ്രകാരം 27.11.2024 തീയതിയിൽ ലഭ്യമായിട്ടുണ്ട്. ജഗതി-ഡി.പി.ഐ. പദ്ധതിയുടെ ആദ്യ ഘട്ട വികസനത്തിനായി, ഏകദേശം 8,809.44 ചതുരശ്ര മീറ്റർ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ആയതു അനുസരിച്ച് ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയ്ക്കായി അർത്ഥനാ പത്രം ബഹു: ജില്ലാ കളക്ടർ മുൻപാകെ സമർപ്പിക്കുകയും ആയതിനു വേണ്ട 6(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും പൊതുമരാമത്തു വകുപ്പ് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർ അംഗീകരിച്ച അലൈൻമെന്റ് പ്ലാൻ അനുസരിച്ച് അതിരടയാളക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സാമൂഹിക ആഘാത പഠനം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ തുടർ നടപടികൾക്കായി വിദഗ്ധ സമിതി രൂപീകരിക്കുകയും ആയതിന്റെ റിപ്പോർട്ട് 09.03.2026 തീയതിയിൽ സർക്കാരിന് സമർപ്പിക്കുകയും പദ്ധതിയ്ക്കായുള്ള ഭൂമിയേറ്റെടുക്കൽ -2013 ലെ RFCTLARR ആക്ട് വകുപ്പ് 8(2) പ്രകാരമുള്ള സർക്കാർ ഉത്തരവ് 20.04.2026 തീയതിയിൽ ലഭിക്കുകയും ചെയ്തു. KIIFB മുഖേന 50 ലക്ഷം രൂപയുടെ കണ്ടിൻജൻസി ചാർജിന് അനുമതി ലഭിക്കുകയും ആയത് 19.06.2025-ന് LOA-യ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 28.07.2026 ന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി, പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം മുഖേന സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ ഡി പി ആർ തയ്യാറാക്കി കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി സമർപ്പിക്കേണ്ടതുണ്ട് . സാമ്പത്തികാനുമതി ലഭ്യമായാൽ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>കൊല്ലം</u>

3. പള്ളിമുക്ക് ജംഗ്ഷൻ കൊല്ലം ഭാഗത്തെ പഴയ എൻ.എച്ച് 66 ൽ മേവറത്തിനും കൊല്ലത്തിനും ഇടയിൽ സ്ഥിതി ചെയ്യുന്ന ഒരു പ്രധാന ജംഗ്ഷനാണ് പള്ളിമുക്ക്. കനത്ത ഗതാഗത കുരുക്ക് അനുഭവപ്പെടുന്ന ജംഗ്ഷനാണിത്. ഇതിനാൽ തന്നെ ടി ഭാഗത്ത് ജംഗ്ഷൻ

ലെ ഉത്തരവ് No.PWD023 -05 /AE-1/2023/KIIFB പ്രകാരം പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിനായി 3.08 കോടി രൂപയുടെ അംഗീകാരവും സാമ്പത്തിക അനുമതിയും ലഭിച്ചു. തുടർന്ന് PWD023-05/APR-1/2024/KIIFB തീയതി: 09-03-2024 പ്രകാരം 8.335 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചു ഏകദേശം 43.40 സെന്റ് ഭൂമിയാണ് പദ്ധതിയ്ക്കായി ഏറ്റെടുക്കാനുള്ളത്. ഏറ്റെടുക്കുന്നതിലേക്കായി ജില്ലാ കളക്ടർക്ക് അർത്ഥന സമർപ്പിച്ചിട്ടുണ്ട്.കൂടാതെ 6(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ് . PWD ഡിസൈൻ വിങ്ങിൽ നിന്നും ലഭ്യമായ അലൈമെന്റ് പ്രകാരം കല്ലിട്ടിരുന്നു. എന്നാൽ ഇരവിപുരം ROB ഇറക്കുമ്പോൾ ഉണ്ടാകുന്ന വാഹന തിരക്കും CRIP- ന്റെ അലൈൻമെന്റ് കൂടി കണക്കിലെടുത്ത KIIFB യിൽ നിന്നുള്ള നിർദ്ദേശ പ്രകാരം വേവറത്ത നിന്ന്ഇരവിപുറത്തേക്കു പോകുന്നതിനു ഒരുവരി പാത കൂടി അധികമായി ചേർത്ത് അലൈൻമെന്റ് റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ്ഡ് അലൈൻമെന്റ് പ്രകാരം കല്ലിടേണ്ടതുണ്ട് .

4. മാർക്കറ്റ് ഫ്ലൈ ഓവർ ജംഗ്ഷൻ- ജംഗ്ഷൻ വികസനം ഫ്ലൈവർ ആയിട്ടാണ് വിഭവനം ചെയ്തിരിക്കുന്നതെങ്കിലും സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള കൺസ്ട്രക്ഷൻ കോസ്റ്റ് വളരെയധികമാകും എന്നതിനാലും ഈ ജംഗ്ഷൻ കൊല്ലം ചെങ്കോട്ട റോഡിൽ ഉൾപ്പെട്ടതായതിനാലും NHAI യുമായി ചേർന്ന് മീറ്റിംഗ് നടത്തി ജംഗ്ഷൻ വികസന പദ്ധതിയുടെ തീരുമാനം കൈക്കൊള്ളുന്നതാണ്.

<u>പത്തനംതിട്ട</u>

5. കോഴഞ്ചേരി ജംഗ്ഷൻ - കോഴഞ്ചേരി ജംഗ്ഷൻ ഇമ്പ്രൂവ്മെന്റ് എന്ന പ്രവർത്തി ബഹു. ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി വീണ ജോർജ് നിർദ്ദേശിച്ച അഡിഷണൽ ഡീറ്റെയിൽസ് കൂടെ ഉൾപ്പെടുത്തി സമർപ്പിച്ച alignment ന് feasibility report സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ DPR PWD ഡിസൈൻ തയാറാക്കിയത് 11.06.2024 തീയതിയിൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. തുടർന്ന് കിഫ്ബി 19.09.2024 തീയതിയിൽ TAR നൽകിയിട്ടുള്ളതാണ്. ആയതിന്റെ മറുപടി KRFB PMU പത്തനംതിട്ട ഡിവിഷൻ ഓഫീസിൽ തയ്യാറാക്കിവരികയാണ്.

<u>ആലപ്പുഴ</u>

6. ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ ഇമ്പ്രൂവ്മെന്റ്- ആലപ്പുഴ ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ ഇമ്പ്രൂവ്മെന്റ് ഭാഗമായി ഒരു ഫ്ലൈ ഓവറാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ കിഫ്ബിയുടെ traffic volume പഠനം അനുസരിച്ച് മേൽ സൂചിപ്പിച്ച ജംഗ്ഷനിൽ ഫ്ലൈ ഓവറിന്റെ ആവശ്യകതയില്ലെന്ന് വ്യക്തമായി . ആയതിനാൽ ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ ഇമ്പ്രൂവ്മെന്റ് മാത്രമാണ് ആവശ്യമായി വരുന്നത്. അതിനാൽ ഡിസൈൻ മാറ്റവും പ്രവൃത്തിയുടെ നിർമ്മാണച്ചിലവും ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിലയും ചേർത്ത പ്രവൃത്തിയുടെ ആകെ ചിലവ് ഉൾപ്പെടുത്തി സർക്കാരിൽ നിന്ന് ഭരണാനുമതി ലഭ്യമാക്കുന്നതിലേക്ക് സമർപ്പിക്കുന്നതിനായി നൽകണമെന്ന ആവശ്യപ്പെട്ടു കൊണ്ട് 25-04-2024 ൽ ഡിസൈൻ വിഭാഗത്തിലേക്ക് കത്ത് നൽകിയിട്ടുണ്ട്. 08 .04 2024 ലെ കിഫ്ബിയുടെ TON പ്രകാരം DPR തയ്യാറാക്കുന്നതിന് 28.08.2024 ന് ഡിസൈൻ വിഭാഗത്തിലേക്ക് കത്ത് നൽകുകയും, തുടർന്ന് പുതുക്കിയ ജംഗ്ഷൻ ഡിസൈൻ ഡ്രോയിങ് 02 .11 .2024 ന് ഡിസൈൻ

വിങ്ങിൽ നിന്ന് ലഭിക്കുകയും, ആയതു ഫീസിബിലിറ്റി റിപ്പോർട്ടിനായി 07.11.2024-ന് എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് (ആലപ്പുഴ), നൽകുകയും ചെയ്തിട്ടുണ്ട്.

ADCEO, KIIFB റിപ്പോർട്ട് ചെയ്തത് പ്രകാരം, 2024 നവംബർ 6-ന് ബഹുമാനപ്പെട്ട ധനമന്ത്രി അധ്യക്ഷനായ KIIFBയുടെ 27-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പ്രോജക്ടുകൾക്ക് നിലവിൽ അംഗീകരിച്ചിട്ടുള്ള 10 പ്രോജക്ടുകൾക്ക് മാത്രമേ ഫണ്ടിംഗ് പരിമിതപ്പെടുത്താൻ ശുപാർശ ചെയ്തിട്ടുള്ളു എന്നും നിലവിൽ പുതിയ പ്രോജക്ടുകൾ പരിഗണിക്കാനാകില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് KIIFBയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതുവരെ ഈ പ്രോജക്ട് താൽക്കാലികമായി നിർത്തിവക്കുകയും ചെയ്തിട്ടുണ്ട്.

<u>കോട്ടയം</u>

7. കഞ്ഞിക്കുഴി ജംഗ്ഷൻ വികസനം- സർക്കാർ ഉത്തരവ് നമ്പർ 1069/2022/ പൊ.മവ തിയതി 05.11.2022 പ്രകാരം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതിയാണ് കോട്ടയം ജില്ലയിലെ കഞ്ഞിക്കുഴി ജംഗ്ഷൻ വികസനം. നിലവിൽ രണ്ടു ഡിസൈനുകൾ DPR തയ്യാറാക്കുന്നതിന് സാധ്യതാപഠനത്തിനായി ഡിസൈൻ വിഭാഗത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഡിസൈൻ, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ വിഷയങ്ങൾ ബഹു. കോട്ടയം എം.എൽ.എ യുമായി ചർച്ച ചെയ്തിരുന്നു. പ്രസ്തുത 2 ഡിസൈനുകളും പര്യാപ്തമല്ലായെന്ന് കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് പുതുക്കിയ ഡിസൈൻ ലഭ്യമാക്കുന്നതിന് ഡിസൈൻ വിംഗിനോട് ആവശ്യപ്പെട്ടിരുന്നതിനെ തുടർന്ന് ഡിസൈനിൽ വരുത്തേണ്ട മാറ്റങ്ങൾ ഉൾക്കൊളിച്ചുകൊണ്ട് ഒരു വിശദമായ റിപ്പോർട്ട് ആവശ്യപെടുകയുണ്ടായി. നിലവിലെ ഡിസൈനിൽ വരുത്തേണ്ട മാറ്റങ്ങളെ കുറിച്ച് കിഫ്ബി - കെ.ആർ.എഫ്.ബി - ഡിസൈൻ വിംഗ് എന്നിവർ ചേർന്ന് ഒരു സംയുക്താ ചർച്ച നടത്തുമെന്ന് കെ ആർ എഫ് ബി ഡിവിഷൻ ഓഫീസിൽ നിന്ന് അറിയിച്ചു.

8. തെങ്ങണ ജംഗ്ഷൻ- 2.58 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ച പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള Revenue (B) order സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. നിലവിൽ 6(1) നോട്ടിഫിക്കേഷൻ പ്രസിദീകരിച്ചു. അതിർത്തി കല്ലിടൽ പ്രവർത്തിയുടെ ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു

<u>എറണാകുളം</u>

9. എച്ച്.എം.ടി. ജംഗ്ഷൻ- ടി പദ്ധതിയ്ക്ക് 05.11.2022 തീയതിയിലെ G.O(Rt) No.1069/2022/PWD ഉത്തരവ് പ്രകാരം 200-കോടി രൂപയുടെ (20 - ജംഗ്ഷനുകൾ) ഭരണാനുമതി ലഭിച്ചിട്ടുള്ള താണ്. ടി പദ്ധതിയ്ക്കായി (four arm Junction) നിലവിൽ ഭൂമിയേറ്റെടുക്കൽ നടപടി ഇല്ലാതെ 7.47 കോടി രൂപയുടെ DPR പ്രൊജക്ട് പ്രിപ്പറേഷൻ യൂണിറ്റ് തയ്യാറാക്കിയിട്ടുള്ളതും ആയത് 24.06.2023 തീയതിയിൽ കിഫ്ബിയിലേക്ക് സമർപ്പിച്ചിട്ടുള്ളതാണ്. 17.11.2023 തീയതിയിൽ കിഫ്ബി, കെ.ആർ.എഫ്.ബി. ഉദ്യോഗസ്ഥർ നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ നിലവിലുള്ള റയിൽവെ ഓവർബ്രിഡ്ജ് വീതി

കൂട്ടിയാൽ മാത്രമെ എച്ച്.എം.ടി. ജംഗ്ഷൻ വികസനം കൊണ്ട് ഫലപ്രാപ്തി ലഭി ക്കുകയുള്ളൂ എന്നും ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കിഫ്ബി ഉദ്യോഗസ്ഥർ നിർദ്ദേശിച്ചിരുന്നു. 15.01.2024 തീയതിയിൽ ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മേൽ വിഷയം ചർച്ച ചെയ്യുകയും തുടർന്ന് കെ ആർ.എഫ്. ബി. ആർ.ബി.ഡി.സി.കെ., റയിൽവേ ഉദ്യോഗസ്ഥർ ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തിയതിന് ശേഷം റയിൽവെ ഓവർ ബ്രിഡ്ജ് വികസനത്തിന്റെ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ആർ.ബി.ഡി.സി.കെ.യെ നിയോഗിക്കുവാനും തീരുമാനിച്ചു. 15.03.2024- തീയതിയിൽ കെ.ആർ.എഫ്.ബി, ആർ.ബി.ഡി.സി.കെ,റയിൽവേ ഉദ്യോഗസ്ഥർ ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തുകയുണ്ടായി. എന്നാൽ റെയിൽവേയുടെ മൂന്നാമതായി വരുന്ന ലയിനിന്റെ സ്ഥാനം നിലവിൽ നിശ്ചയിച്ചിട്ടില്ലയെന്ന് റയിൽവെ ഉദ്യോഗസ്ഥർ അറിയിച്ചു. ഇതേ തുടർന്ന് റയിൽവേ പാതകളുടെ സ്ഥാനത്തിൽ അന്തിമമായ തീരുമാനം ആയിട്ടില്ലാത്തതിനാൽ ROW യുടെ പൂർണ്ണ രൂപകൽപന ഈ ഘട്ടത്തിൽ സാധ്യമല്ലെന്നും ഓവർ ബ്രിഡ്ജ് വീതി കൂട്ടാതെ തന്നെ ജംഗ്ഷൻ വികസനവുമായി മുന്നോട്ട് പോകുവാനും ആണ് RBDCK അഭിപ്രായപ്പെട്ടത്. 13.05.2024 തീയതിയിൽ നടന്ന മീറ്റിംഗിൽ മേൽപറഞ്ഞ കാര്യങ്ങൾ അറിയിച്ചതിനേ തുടർന്ന് ബന്ധപ്പെട്ട വകുപ്പുകളുമായി ഒരു യോഗം വിളിച്ച് കൂട്ടി ടി വിഷയത്തിൽ തീരുമാനത്തിലേക്ക് എത്താമെന്നാണ് ബഹു.വ്യവസായ വകുപ്പ് മന്ത്രി നിർദേശിച്ചിരുന്നു. നിലവിൽ 09.11.2024 തിയതിലെ കീഫ്ബിയുടെ കത്ത് പ്രകാരം റെയിൽവേ 3rd ലൈൻ വികസനത്തിന്റെ സ്ഥിരീകരണം ലഭ്യമാകുന്നത് വരെ പ്രവർത്തനം നിർത്തി വെക്കാൻ നിർദേശിച്ചിട്ടുണ്ട്. 20.01.2026 തീയതിയിലെ MoM പ്രകാരം, വീതി കൂട്ടുകയോ ഭൂമി ഏറ്റെടുക്കുകയോ ചെയ്യാതെ, നിലവിലുള്ള വീതിയിൽ തന്നെ ഡ്രെയിൻ, ഫുട്പാത്ത്, ഹാൻഡ്റെയിൽ തുടങ്ങിയവയോടുകൂടി ജംഗ്ഷൻ മെച്ചപ്പെടുത്താൻ തീരുമാനിച്ചിരുന്നു. റിവൈസ്ഡ് DPR പ്രകാരം കിഫ്ബിയിൽ നിന്നും 6.18 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്.പ്രസ്തുത പ്രവൃത്തിയുടെ TS എസ്റ്റിമേറ്റ് 05.03.2026 ന് ചേർന്ന 213-ാമത് ടെക്നിക്കൽ കമ്മിറ്റിയിൽ പരിശോധിക്കുകയും സാങ്കേതികാനുമതി നൽകിയിട്ടുള്ളതുമാണ്. 15.03.2026-ന് പ്രവൃത്തി ടെൻഡർ ചെയ്യുകയും 30.03.2026 വരെ ദീർഘിപ്പിക്കുകയും ചെയ്തു. എന്നാൽ ടെൻഡറിൽ ആരും പങ്കെടുത്തില്ല. തുടർന്ന്, ടെൻഡർ വീണ്ടും 08.04.2026 വരെ ദീർഘിപ്പിക്കുകയും 10.04.2026 ന് സിംഗിൾ ബിഡ് മാത്രമായി ഓപ്പൺ ചെയ്യുകയും ചെയ്തു.തുടർന്ന്, നിയമസഭാ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിരുന്നില്ല. നിലവിലെ സാഹചര്യത്തിൽ KIIFB ധനസഹായത്തോടെയുള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തുടർനടപടികൾ സംബന്ധിച്ച് സർക്കാരിൽ നിന്നും മാർഗ്ഗനിർദ്ദേശം ലഭ്യമാക്കുന്നതിനായി 04.09.2026ൽ കത്ത് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്

<u>തൃശ്ശൂർ</u>

10. **ഒല്ലൂർ ജംഗ്ഷൻ വികസനം**- G.O(Rt) No. 1069/2022/PWD തീയ്യതി 05.11.2022 പ്രകാരം പ്രസ്തുത പ്രവർത്തിക്കു 200 കോടി (20 ജംഗ്ഷൻ) രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഒല്ലൂർ ജംഗ്ഷൻ വികസനത്തിൽ തൃശ്ശൂർ ഭാഗം, തലോർ ഭാഗം, നടത്തറ ഭാഗം, ചേർപ്പ് ഭാഗം, എടക്കുന്നി ദേവി ക്ഷേത്ര ഭാഗം എന്നിങ്ങനെ 5 റോഡുകളിലായി 200 മീറ്റർ വീതം നീളത്തിലുള്ള വികസനം ആണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തൃശ്ശൂർ ഭാഗം 21 മീറ്റർ

വീതിയിലും , തലോർ ഭാഗം 21 മീറ്റർ വീതിയിലും , നടത്തറ ഭാഗം 23 മീറ്റർ വീതിയിലും , ചേർപ്പ് ഭാഗം 18.5 മീറ്റർ വീതിയിലും നാലുവരി പാതയായും എടക്കുന്നി ദേവി ക്ഷേത്ര ഭാഗം റോഡ് 12 മീറ്റർ വീതിയിൽ 2 വരി പാതയായും ആണ് വികസിപ്പിക്കുക പ്രസ്തുത പ്രവൃത്തിക്കായി ഏകദേശം 60 are സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടികൾക്കായി DPR കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിനു 27.11.2024 തീയതിയിൽ 55.17 കോടി രൂപയുടെ സാമ്പത്തികാനുമതി KIIFB-യിൽ നിന്ന് ലഭിച്ചിട്ടുമുണ്ട്. കൂടാതെ, 15.12.2025 തീയതിയിലെ PWD023-12/APR-1/2025/KIIFB Dated ഉത്തരവ് പ്രകാരം 66.82 കോടി രൂപയ്ക്ക പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കലിന്റെ 19(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ 79.12 കോടി രൂപയുടെ പുതുക്കിയ DPR 07.08.2026 തീയതിയിൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം ലഭിക്കുന്നമുറയ്ക്ക തുടർനടപടികൾ സ്വീകരിക്കുന്നതാണ് .

പാലക്കാട്

11. **കുറ്റനാട് ജംക്ഷൻ ഇമ്പ്രൂവ്മെന്റ്-** പ്രസ്തുത പ്രവർത്തിക്ക് സ്ഥലം ഏറ്റെടുപ്പ് നടപടികൾക്കായി KIIFB യിൽ നിന്ന് 1.2857 കോടി രൂപയുടെ സാമ്പത്തിക അനുമതി 22.05.2023 ന് ലഭിക്കുകയും ആയത് പ്രകാരം അലൈൻമെന്റ് സ്റ്റോൺ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം 4(1) നോട്ടിഫിക്കേഷൻ, സാമൂഹിക ആഘാത പഠനം, വിദഗ്ധ സമിതിയുടെ റിപ്പോർട്ട് എന്നീ നടപടികൾ പൂർത്തീകരിക്കുകയും 25.12.2025 തിയ്യതി 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി ബാധിതർ സമർപ്പിച്ച ഹർജി പരിഗണിച്ച ബഹു. കേരള ഹൈക്കോടതി 10.08.2026 തിയ്യതിയിലെ WP(C) No. 30468 OF 2025 (G) നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയുടെ ഭൂമി ഏറ്റെടുപ്പുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്റ്റേ ചെയ്തിട്ടുണ്ട്.

ബഹു. തൃത്താല MLA യുടെ നിർദേശപ്രകാരം പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്റെ വ്യാപ്തി പുനഃപരിശോധിക്കുന്നതിനും ഫ്ലൈ ഓവർ നിർമിക്കുന്നതിന്റെ സാധ്യത വിലയിരുത്തുന്നതിനുമായി കിഫ്ബി പ്രതിനിധികൾ സൈറ്റ് സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്.

ഇടുക്കി

12. **മൂന്നാർ ജംഗ്ഷൻ-** നിലവിൽ മൂന്നാർ ജംഗ്ഷനുമായി ബന്ധപ്പെട്ട മൂന്നാർ ജംഗ്ഷൻ വികസനം,മൂന്നാർ ഫ്ളൈഓവർ bypass എന്നീ 2 പ്രൊജെക്ടുകൾ കിഫ്ബിയുടെ പരിഗണയിൽ ഉണ്ട്.ഇതിൽ മൂന്നാർ ജംഗ്ഷൻ വികസനത്തിൽ മുതിരപ്പുഴയാറിനു കുറുകെയുള്ള പാലത്തിന്റെ ഇരു വശങ്ങളിലുമുള്ള - രണ്ടു - ത്രീ ആം ജംഗ്ഷനുകളുടെ വികസനമാണ് പ്രൊപ്പോസ് ചെയ്തിരിക്കുന്നത്.ഈ പ്രൊപോസൽ മൂന്നാർ ഫ്ളൈഓവർ bypass എന്ന കിഫ്ബിയുടെ അപ്രൈസലിലുള്ള പ്രൊജക്ടിനെ സംബന്ധിച്ച അന്തിമ തീരുമാനത്തിന് ശേഷം പരിഗണിക്കാമെന്നാണ് കിഫ്ബിയിൽ നിന്നും അറിയിച്ചിട്ടുള്ളത്.

മലപ്പുറം

13. **പെരിന്തൽമണ്ണ ജംഗ്ഷൻ** പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കുന്നതിനായി 27.11.2024-ലെ PWD023-10/PE-PAD/2024/KIIFB നമ്പർ ഉത്തരവ് പ്രകാരം 57.78 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്.

നിലവിൽ പ്രസ്തുത പ്രവൃത്തിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂ ഭരണാനുമതി (Revenue AS) ലഭിക്കുന്നതിനായി 07.07.2025 തീയതിയിലെ PDKRFB-MLPM/6/2023-PE-1 നമ്പർ പ്രകാരം പി.ഡബ്ല്യു.ഡി. സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്

പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി ആയതിൻറെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ പുതുക്കിയ ഡ്രോയിങ്ങുകൾ തയാറാക്കി സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഡ്രോയിംഗിൻറെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് കെ.ആർ.എഫ്.ബി പി.എം.യു പാലക്കാട് മലപ്പുറം കാര്യാലയത്തിൻറെ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചതിൻറെ അടിസ്ഥാനത്തിൽ പ്രവർത്തിയുടെ ഡി.പി.ആർ തയാറാക്കാൻ പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗത്തിന് 23.02.2026 തീയതിയിലെ PDKRFB -MLPM /6/2023-PE -1 നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.പി.ആർ തയാറാക്കൽ ഡിസൈൻ വിഭാഗത്തിൽ പുരോഗമിച്ച് വരുന്നു

കോഴിക്കോട്

14. **ഫറോക്ക്പേട്ട ജംഗ്ഷൻ വികസനം** കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഫറോക്ക് പേട്ട ജംഗ്ഷൻ വികസനത്തിന് ആവശ്യമായ ഫറോക്ക് വില്ലേജിലെ 1.284 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി 22.06.2023 ന് 7.37539 കോടി രൂപ സാമ്പത്തികാനുമതി ലഭിച്ചു. 12.09.2023 ന് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും തുടർന്ന് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തു. കണ്ടിൻജൻസി ചാർജായി 38,91,254/- (മുപ്പത്തിയെട്ടു ലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി ഇരുന്നൂറ്റി അൻപത്തി നാല് രൂപ) തഹസിൽദാർക്ക് കൈമാറി. 11(1) നോട്ടിഫിക്കേഷൻ 12.02.2025 തീയതിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

15. **കാരപറമ്പ് ജംഗ്ഷൻ** -കനോലി കനാൽ വികസന പദ്ധതിയുമായി ഇൻ്റർസെക്ട് ചെയ്യുന്നതിനാൽ പ്രസ്തുത പദ്ധതി ഹോൾഡ് ചെയ്യാൻ കിഫ്ബി തീരുമാനിച്ചു

16. **പാളയം പുഷ്പ ജംഗ്ഷൻ** - 13.03.2024 ന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സമ്പത്തികാനുമത്തിയ്ക്കയി LA റിപ്പോർട്ട് കിഫ്ബിയിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനും കോഴിക്കോട് മോണോറെയിൽ/മെട്രോ റെയിൽ അലൈൻമെൻറ് ഇത് വഴി തന്നെ കടന്നു പോകുന്നതിനാൽ ആയതിൻറെ കൂടെ feasibility ഉറപ്പ് വരുത്തിയതിന് ശേഷം DPR പുന സമർപ്പിക്കുന്നതിനായി കിഫ്ബിയിൽ നിന്നും അറിയിച്ചിട്ടുണ്ട്.

വയനാട്

17. **പോസ്റ്റ്ഓഫീസ് ജംഗ്ഷൻ-മാനന്തവാടി-** പി.ഡബ്ല്യു.ഡി. ഡിസൈൻ വിംഗ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും Tentative junction design drawing, vertical design drawing and LA plan with preface എന്നിവ ലഭിച്ചിരുന്നു. സാദ്ധ്യത റിപ്പോർട്ട് (feasibility report) കോഴിക്കോട്/വയനാട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയിരുന്നു. ആയത് പ്രകാരം, പ്രസ്തുത പ്രവൃത്തിയുടെ ഡിപിആർ തയ്യാറാക്കുന്നതിനുള്ള അന്തിമ തീരുമാനം ലഭിക്കുന്നതിനായി, സി.ഇ.ഒ കിഫ്ബിയ്ക്ക് 09.11.2024 തീയതിയിൽ കത്ത് നൽകുകയും തുടർന്ന് 25.05.2025, 30.07.2025 തീയതികളിൽ ഓർമ്മപ്പെടുത്തൽ കത്തുകളും നൽകുകയും ചെയ്തിട്ടുണ്ട്. മറുപടി ലഭിച്ചാലുടനെ തുടർ നടപടി സ്വീകരിക്കുന്നതാണ്.

കണ്ണൂർ

18. **ചക്കരക്കൽ ജംഗ്ഷൻ വികസനം-** കിഫ്ബിയുടെ 22-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിങ്ങ് നടന്നതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് നം. PWD023-04/AE-1/2023/KIIFB തീയ്യതി 22.06.2023 പ്രകാരം പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനായി 1.27 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിക്കുകയുണ്ടായി.

കണ്ണൂർ ഇന്റർനാഷണൽ എയർപ്പോർട്ടുമായി ബന്ധിപ്പിക്കുന്ന താഴെ ചൊവ്വ - അഞ്ചരക്കണ്ടി റോഡ് ചക്കരക്കൽ ജംഗ്ഷനിലൂടെയാണ് കടന്നുപോകുന്നത്. ബി.എം, ബി.സി നിലവാരത്തിൽ വിഭാവനം ചെയ്തിരിക്കുന്ന റോഡിന്റെ കാര്യേജ് വേ 6.00 മുതൽ 8.00 മീറ്റർ വരെയാണ്

ചക്കരക്കൽ ജംഗ്ഷൻ വികസനം, ചക്കരക്കൽ ബൈപ്പാസ് എന്നീ രണ്ട് പ്രവൃത്തികൾ ധർമ്മടം മണ്ഡലത്തിൽ നിലനിൽക്കുന്നതിനാൽ ഈ രണ്ട് പ്രവൃത്തികളിൽ ഏതെങ്കിലും ഒന്ന് എന്ന രീതിയിൽ മുന്നോട്ടുപോകുവാൻ ധർമ്മടം മണ്ഡലത്തിലെ പ്രതിനിധികളും മറ്റും ഉൾപ്പെട്ട മീറ്റിങ്ങുകളിൽ ചർച്ചയാവുകയും ചക്കരക്കൽ ജംഗ്ഷൻ അധിക സ്ഥലമേറ്റെടുത്ത 2.90 കി.മീ നീളത്തിൽ നാലുവരിയായി വികസിപ്പിക്കുവാൻ തീരുമാനമാവുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 4836.80 sqm അധിക സ്ഥലമേറ്റെടുക്കേണ്ടതായും 57 കെട്ടിടങ്ങൾ പൊളിച്ചുനീക്കേണ്ടതായും സ്ഥലം നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകേണ്ടതായും വരുന്നുണ്ട്. താഴെ ചൊവ്വ - ചക്കരക്കൽ - അഞ്ചരക്കണ്ടി ഭാഗത്തേക്കായും, ചക്കരക്കൽ-മുഴപ്പാല ഭാഗത്തേക്കുമായി നാലുവരിയായി ROW 18.5 മീറ്ററിൽ വിഭാവനം ചെയ്യുവാനും, ചക്കരക്കൽ മൂന്നുപെരിയ ഭാഗത്തേക്ക് 13.6 മീറ്റർ ROW യിൽ 2 വരിയായി വിഭാവനം ചെയ്യുവാനും നിർദ്ദേശം ലഭിച്ചു.

PWD ഡിസൈൻ വിങ്ങിൽ നിന്നും ലഭിച്ച റിവൈസ്ഡ് DPR, sub project revision ന് വേണ്ടി 19.09.2024ന് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.നിലവിൽ കീഫ്ബിയിൽ നിന്നും 01.08.2025 ന ഒരു TECHNICAL APPRAISAL REPORT നൽകിയിട്ടുണ്ട്. അതിനുള്ള മറുപടി നൽകുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ കണ്ണൂരിനെ ചുമതലപെടുത്തിയിട്ടുണ്ട്. ലഭ്യമാകുന്ന മുറയ്ക്ക് സാമ്പത്തികാനുമതി ലഭ്യമാക്കാൻ കീഫ്ബിയിൽ നല്കുന്നതായിരിക്കും.

ഭൂമി ഏറ്റെടുക്കുന്നതിനായി 1.27 കോടി രൂപയുടെ സാമ്പത്തിക അനുമതി (FS) ലഭിച്ചു.

ഭൂമി ഏറ്റെടുക്കൽ ചെലവ് ഉൾപ്പെടെയുള്ള ഏകദേശ ചെലവ് കണക്ക് (Rough cost estimate) അംഗീകാരത്തിനായി KIIFB-ക്ക് സമർപ്പിച്ചു.
78.25 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 19/09/2024-ൽ KIIFB-ക്ക് സമർപ്പിച്ചു. അലൈൻമെന്റ് (പാതയുടെ രൂപരേഖ) അംഗീകരിച്ചു.
6(1) ഗസറ്റ് വിജ്ഞാപനം 24/12/2024-ൽ പ്രസിദ്ധീകരിച്ചു.
അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായി. റവന്യൂ അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി. കണ്ടിൻജൻസി ഫണ്ട് (അടിയന്തര ചെലവുകൾക്കുള്ള തുക) 16/08/2025-ൽ നിക്ഷേപിച്ചു. 4(1) വിജ്ഞാപനം 12/09/2025-ൽ പ്രസിദ്ധീകരിച്ചു. സാമൂഹിക ആഘാത പഠനം (SIA study) പൂർത്തിയാക്കുകയും 27/01/2026-ൽ പൊതുവാദം കേൾക്കൽ (public hearing) നടത്തുകയും ചെയ്തു. പഠനം നടത്തിയ ഏജൻസി, അന്തിമ സാമൂഹിക ആഘാത പഠന റിപ്പോർട്ട് 02/03/2026-ൽ ജില്ലാ കളക്ടർക്ക് (DC) സമർപ്പിച്ചു. വിദഗ്ധ സമിതിയുടെ (Expert committee) യോഗങ്ങൾ 12/06/2026, 18/06/2026 തീയതികളിൽ നടന്നു; ശുപാർശ റിപ്പോർട്ട് ജില്ലാ കളക്ടർ 08/06/2026-ൽ പ്രസിദ്ധീകരിച്ചു.11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

19. പയ്യന്നൂർ ജംഗ്ഷൻ ഇംപ്രൂവ്മെന്റ്- കിഫ്ബിയുടെ 24-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിങ്ങ് നടന്നതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് നം. PWD023-06/AE-1/2023/KIIFB തീയ്യതി 20.10.2023 പ്രകാരം പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനായി 98.305 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി ലഭിക്കുകയുണ്ടായി.

NH 66 ൽ സ്ഥിതിചെയ്യുന്ന പെരുമ്പയിൽ നിന്നും പയ്യന്നൂർ റെയിൽവേ സ്റ്റേഷനിലേക്കും, അന്നൂരിൽ നിന്ന് കണ്ടങ്കാളിയിലേക്കുമുള്ള റോഡുകളെ ബന്ധിപ്പിക്കുന്ന പ്രധാന ജംഗ്ഷനാണിത്. പ്രസ്തുത ജംഗ്ഷനിൽ നിന്നും പെരുമ്പ ഭാഗത്തേക്ക് 460 മീറ്ററും, പയ്യന്നൂർ റെയിൽവെ സ്റ്റേഷൻ ഭാഗത്തേക്ക് 440 മീറ്ററും, അന്നൂർ ഭാഗത്തേക്ക് 200 മീറ്ററും , കൂടാതെ കണ്ടങ്കാളി ഭാഗത്തേക്ക് 200 മീറ്ററുമായാണ് പ്രവൃത്തി വിഭാവനം ചെയ്തിട്ടുള്ളത്.

20.02.2023 തീയ്യതിയിൽ പയ്യന്നൂർ എം.എൽ.എ ശ്രീ. മധുസൂധനൻ, കെ.ആർ.എഫ്.ബി ഉദ്യോഗസ്ഥർ, PWD ഹൈവേ ഡിസൈൻ യൂണിറ്റ് ഉദ്യോഗസ്ഥർ എന്നിവർ നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ PWD ഹൈവേ ഡിസൈൻ യൂണിറ്റ് തയ്യാറാക്കിയ DPR പരിശോധിക്കുകയും കൂടാതെ ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ DPR പ്രകാരം പദ്ധതിക്കായി 284.27 സെന്റ് ഭൂമി ഏറ്റെടുക്കലിനായി 34.11 കോടി രൂപയും, കെട്ടിടങ്ങൾ നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരമായി 15.69 കോടി രൂപയും, യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിനായി 10.4 ലക്ഷം രൂപയും കൂടി ഉൾപ്പെടുത്തി 60.749 കോടി രൂപയുടെ എസ്റ്റിമേറ്റാണ് PWD ഹൈവേ ഡിസൈൻ യൂണിറ്റിൽ നിന്നും സമർപ്പിച്ചിട്ടുള്ളത്. ആയത് 13.08.2024ന് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

എന്നാൽ വ്യാപാരി വ്യവസായികളുടെയും സ്ഥലം ഉടമകളുടെയും നിരന്തരമായ പരാതിയുടെയും, പ്രതിഷേധത്തിന്റെയും അടിസ്ഥാനത്തിൽ ബഹു. എം.എൽ.എ മധുസൂധനൻ അവർകളുടെ നേതൃത്വത്തിൽ PWD Design യൂണിറ്റിന്റെയും സാന്നിദ്ധ്യത്തിൽ നടത്തിയ മീറ്റിംഗിൽ ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എയുടെ നിർദേശത്തെത്തുടർന്ന് പഴയ സ്റ്റാൻഡിലേക്കും പെരുമ്പ ഭാഗത്തേക്കുമുള്ള

റോഡിന്റെ നീളം 400 മീറ്ററായി പരിമിതപ്പെടുത്തുകയും അന്തൂർ-കണ്ടങ്ങാടി റോഡുകളുടെ നീളം 150 മീറ്ററായി പരിമിതപ്പെടുത്തുകയും ചെയ്തു. കൂടാതെ, മെയിൻ റോഡിന്റെ വീതി 19.8 മീറ്ററിൽ നിന്ന് 19.2 മീറ്ററായി കുറയ്ക്കുകയും അന്തൂർ-കണ്ടങ്ങാടി റോഡുകളുടെ വീതി 19.8 മീറ്ററിൽ നിന്ന് 16.2 മീറ്ററായി കുറയ്ക്കുകയും ചെയ്തു. ഇതിന്റെ ഫലമായി, ഭൂമി ഏറ്റെടുക്കേണ്ടതിന്റെ അളവ് 284.27 സെന്റിൽ നിന്ന് 186.8 സെന്റായി കുറയ്ക്കാനും സാധിച്ചു. പുതുക്കിയ അലൈൻമെന്റ് പ്രകാരം സൈറ്റിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും, അർത്ഥനാ പത്രം തുടർനടപടികൾക്കായി എൽ.എ തഹസിൽദാർക്ക് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ 9830500/- രൂപയുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പാക്കേജ് ക്രിയേഷനുവേണ്ടി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

കാസർഗോഡ്

20. **പ്രസ്സ് ക്ലബ് ജംഗ്ഷൻ-** കാസർഗോഡ് ജില്ലയിലെ ജംഗ്ഷൻ ഇംപ്രൂവ്മെന്റിന്റെ ഭാഗമായി പി.ഡബ്യു.ഡി ഡിസൈൻ വകുപ്പ് 2 പ്രൊപ്പോസലുകൾ - ഫ്ലൈ ഓവർ അറ്റ് ഗ്രേഡ് ആണ് സാദ്ധ്യത പരിശോധനയ്ക്കായി നൽകിയിരുന്നത്.ഇതിന്റെ ഭാഗമായി 09.01.2024 കിഫ്ബിയുടെ നേതൃത്വത്തിൽ യോഗം നടത്തുകയും,അതിൽ തീരുമാനിച്ച പ്രകാരം പ്രസ്തുത ജംഗ്ഷൻ ഇംപ്രുമെൻറിൻറെ Atgrade Proposal ന്റെ സാദ്ധ്യത പരിശോധിച്ച് ആയതിന്റെ സാദ്ധ്യതപഠന റിപ്പോർട്ട് എക്സിക്യൂട്ടീവ് എൻജിനീയർ, കാസർഗോഡ് വിഭാഗം സമർപ്പിക്കുകയും ആയത് തുടർനടപടികൾക്കായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ കാര്യാലയത്തിൽ 17.05.2024- ൽ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ Revenue(B)Order, 07.10.2025 തീയതിയിൽ ലഭ്യമായിട്ടുണ്ട്.പ്രവൃത്തിയുടെ 6(1) നോട്ടിഫിക്കേഷൻ ലഭിക്കുവാനുള്ള റിക്വസ്റ്റ് 25/11/2025 ന നൽകിയിട്ടുണ്ട്.

KRFB- PMU ബൈപ്പാസ് നിർമ്മാണം
(ഭരണാനുമതി G.O(Rt)No.1069/2022/PWD dated 05.11.2022)

1. **കോലഞ്ചേരി ബൈപ്പാസ്-** കോലഞ്ചേരി ബൈപ്പാസ് പ്രവർത്തിയുമായി ബന്ധപ്പെട്ട് 22.11.2023 തിയ്യതി ബഹു കുന്നത്തുനാട് MLA യുടെ സാനിധ്യത്തിൽ PWD ഇൻവെസ്റ്റിഗേഷൻ വിഭാഗം ഉദ്യോഗസ്ഥരും , PWD ഡിസൈൻ വിഭാഗം ഉദ്യോഗസ്ഥരും, KRFB ഉദ്യോഗസ്ഥരും ചേർന്ന് നടത്തിയ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ ഒരു അലൈൻമെൻറ് തീരുമാനിക്കുകയും ആയത് ബഹു കുന്നത്തുനാട് MLA അംഗീകരിക്കുകയും ചെയ്തു. ആയതനുസരിച്ചു 20-02 -2024 തിയ്യതിയിൽ ടി അലൈൻമെൻറ് feasible ആണെന്നുള്ള കത്ത് തുടർ നടപടികൾക്കായി ഡിസൈൻ വിഭാഗത്തിന് നൽകുകയും ചെയ്തു. എന്നാൽ ടി അലൈൻമെൻറ്ൽ 20 ഓളം വീടുകൾ പൂർണ്ണമായോ ഭാഗികമായോ ബാധിക്കും എന്ന വിവരം ഇൻവെസ്റ്റിഗേഷൻ വിഭാഗം ഡിസൈൻ വിഭാഗത്തെ അറിയിച്ചതിനെ തുടർന്ന് 26-03-2024 തീയതിയിൽ പുതിയ അലൈൻമെന്റ് KML ഫയൽ feasibility നൽകുന്നതിന് നല്കിയിട്ടുള്ളതും ആയതിൻറെ feasibility ഈ കാര്യാലയം പരിശോധിച്ചു വരുന്നതാണ്. ആയത് ബഹു കുന്നത്തുനാട് MLA യുമായി ചർച്ചനടത്തിയതിന് ശേഷം feasibility report 15/08/2024ന്

ഡിസൈൻ വിങ്ങിൽ സമർപ്പിച്ചിട്ടുണ്ട് DPR ലഭ്യമായ ഉടൻ കീഫ്ബിക്കു സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്

2. **തറയിൽ കവല ബൈപ്പാസ്സ് റിപ്പോർട്ട്**

പ്രസ്തുത ബൈപ്പാസിന്റെ റൂട്ട് ഫൈനലൈസ് ചെയ്ത് നൽകണമെന്ന് ചീഫ് എഞ്ചിനീയർ ഡിസൈൻ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ പ്രസ്തുത റോഡിന് 3 മുതൽ 5 മീറ്റർ വരെ മാത്രം വീതിയാണുള്ളത്. കിഫ്ബി മാനദ ണ്ഡപ്രകാരം ബൈപ്പാസിന് ഏറ്റവും കുറഞ്ഞത് 12 മീറ്റർ വീതി ആവശ്യമുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നിലവിലെ റോഡിന്റെ ഇരുവശത്തും ഭൂമി ഏറ്റെടു ക്കേണ്ടത് അനിവാര്യമാണ്.

ഈ കാര്യങ്ങൾ ചൂണ്ടികാട്ടി പ്രവൃത്തിയുടെ ആവശ്യകതക്കായി സ്ഥലം ഏറ്റെടുക്കൽ അനുവദി ക്കണമെന്നും, റൂട്ടിന്റെ Line Sketch അംഗീകരിച്ച് നൽകണമെന്നും അഭ്യർത്ഥിച്ച് ബഹു എം.എൽ.എയ്ക്ക് കത്ത് നല്കിയിട്ടുള്ളതും എങ്കിലും മറുപടി ലഭിക്കേണ്ടതായുമുണ്ട്. കൂടാതെ ഈ പ്രവൃത്തിയിൽ ലാൻഡ് അക്വസിഷൻ ഒഴിവാക്കുന്നതായിരിക്കും ഉചിതമെന്നും എം.എൽ.എ.-ഓഫീസിൽ നിന്നും അറിയിച്ചിരുന്നു. ഈ നിർദ്ദേശം കണക്കിലെടുത്ത് ഉചിതമായ മറ്റൊരു റൂട്ട് കണ്ടെത്താൻ ഡിവിഷൻ ഓഫീസിൽ അറിയിച്ചിരുന്നു, തുടർന്ന് കിഫ്ബി മാനദണ്ഡപ്രകാരം പ്രവൃത്തി ചെയ്യുവാൻ കഴിയുന്ന മറ്റൊരു റൂട്ട് കണ്ടെത്താൻ വേണ്ടിയുള്ള നിർദ്ദേശങ്ങൾക്കായി ബഹു.എം.എൽ.എ-യക്ക് ഡിവിഷൻ ഓഫീസിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. റൂട്ട് അന്തിമമാകാത്തതിനാലും ലാൻഡ് അക്വിസിഷൻ സാധ്യമല്ലാത്തതിനാലും പ്രസ്തുത പ്രവൃത്തി ഉപേക്ഷിക്കുവാൻ എം.എൽ.എ. കാര്യാലയത്തിൽ നിന്നും CMT മീറ്റിംഗിൽ അറിയിച്ചെങ്കിലും ഔദ്യോഗികസ്ഥിരീകരണം ഇതുവരെ ലഭ്യമായിട്ടില്ല.

3. **കർമ്മ ബൈപാസ്സ്**- കർമ്മ ബൈപാസ്സ് നിർമ്മിക്കുന്നതിനായി അനുയോജ്യമായ അലൈൻന്റ് തിരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് RIOCL കോഴിക്കോട്ൽ നിന്നും റിപ്പോർട്ട ലഭ്യമായിരുന്നു. പ്രസ്തുത പദ്ധതിക്കായി പൊന്നാനി നില്ലയോരപാതയിൽ 'കുറ്റിക്കാട്' നിന്ന് ആരംഭിച്ച് 'ചന്തപ്പടി വഴി ഉറൂബ് നഗർ' വരെയായിരുന്നു തുടക്കത്തിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ വ്യാപ്തി കുറയ്ക്കുന്നതിനായി പ്രസ്തുത പദ്ധതിയിൽ കുറ്റിക്കാട് മുതൽ ചന്തപ്പടി വരെയുള്ള ഭാഗം ഒരു ദിശയിൽ മാത്രം ഗതാഗതം അനുവദിക്കുന്ന രീതിയിൽ (One Way Traffic) നിർമ്മിക്കുന്നതിന് ബഹു: പൊന്നാനി നിയോജകമണ്ഡലം എം.എൽ.എ നിർദ്ദേശിക്കുകയും ചെയ്തിരുന്നു തുടർന്ന്, ഇപ്രകാരം ഒരു ദിശയിൽ മാത്രം ഗതാഗതം അനുവദിക്കുന്ന രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്നു പരിശോധിക്കുന്നതിനും, തടസ്സങ്ങൾ ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി നിളയോരപാതയുമായി ബന്ധിപ്പിക്കുന്ന മറ്റു റോഡുകളായ 'ജിം റോഡ്' വഴിയോ 'ചാണാ റോഡ്' വഴിയോ ആക്കി പദ്ധതിയുമായി മുന്നോട്ട് പോകുവാൻ സാധിക്കുമോ എന്നുള്ള കാര്യം പരിശോധിക്കുന്നതിനുമായി കിഫ്ബിയുമായി സംയുക്ത സ്ഥല പരിശോധന നടത്തുന്നതിന് ആവശ്യപ്പെടുകയും, ആയതനുസരിച്ച് കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുമായി 03/05/2024-ന് സംയുക്ത സ്ഥല പരിശോധന നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ നിർദേശപ്രകാരം ജിം റോഡിൽ നിന്ന് ജിം ജംഗ്ഷൻ ,ചന്തപ്പടി ജംഗ്ഷൻ, ഉറൂബ് നഗർ വഴി പൊന്നാനി ടൌൺ റോഡിൽ അവസാനിക്കുന്ന അലൈൻമെൻറ് തിരഞ്ഞെടുക്കുകയും കെ.ആർ.എഫ്.ബി പി.എം.യു പാലക്കാട് മലപ്പുറം എക്സിക്യൂട്ടീവ് എൻജിനീയറുടെ നിർദ്ദേശപ്രകാരം പ്രസ്തുത അലൈന്മെന്റിൽ ഇൻവെസ്റ്റിഗേഷൻ നടത്താനും കിഫ്ബി

മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഡി.പി.ആർ തയാറാക്കുന്നതിന് ഡിസൈൻ വിങ്ങിനു 26.07.2024 തീയതിയിൽ PDKRFB-MLPM/2/2023-PE1 നമ്പർ കത്ത് പ്രകാരം നിർദേശം നൽകിയിട്ടുണ്ട്. സ്ട്രായിങ് പ്രകാരം ജിം റോഡ് മുതൽ പൊന്നാനി റോഡ് വരെ 12 മീറ്റർ വീതിയിലും തുടർന്ന് ചന്തപ്പടി വഴി ഉറൂബ് നഗർ വരെ 18.5 മീറ്റർ വീതിയിലും റോഡ് വിഭാവനം ചെയ്തിരിക്കുന്നു.എന്നാൽ ജിം റോഡ് മുതൽ പൊന്നാനി റോഡ് വരെ 12 മീറ്റർ വീതിയിൽ നിന്നും 10 മീറ്ററിലേക്കും ചന്തപ്പടി വഴി ഉറൂബ് നഗർ വരെ 18.5 മീറ്ററിൽ നിന്നും 12 മീറ്ററിലേക്കും ചുരുക്കുന്നതിനുള്ള അനുമതിക്കായി കിഫ്ബിയിലേക്കു **16.09.2026** തീയ്യതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

4. **വേങ്ങര ബൈപാസ്സ്-** മലപ്പുറം ജില്ലയിലെ വേങ്ങര ബൈപാസ്സ് ഏകദേശം 2 കിലോമീറ്ററോളം കല്ലിടുന്ന പ്രവർത്തി പൂർത്തീകരിച്ചതാണ്. പ്രസ്തുത അലൈൻമെന്റിൽ ബാക്കി ഭാഗം നെൽവയലിലൂടെ കടന്നു പോകുന്നതിനാൽ നാട്ടുകാർ തടഞ്ഞു കല്ലിടൽ പ്രവർത്തി നിർത്തിവയ്ക്കപ്പെട്ടിട്ടുണ്ട്. കെ ആർ എഫ് ബി ഉദ്യോഗസ്ഥരും RIQCL ഉദ്യോഗസ്ഥരും ചേർന്ന് 21/02/2024 ന് ഒരു ജോയിൻറ് സൈറ്റ് ഇൻസ്പെക്ഷൻ നടത്തുകയുണ്ടായി. രണ്ടാം കിലോമീറ്റർ മുതൽ എഴാം കിലോമീറ്റർ വരെയുള്ള ഭാഗത്ത് പൂർണ്ണമായി കല്ലിടാൻ സാധിച്ചിട്ടില്ല എന്നു ഇൻസ്പെക്ഷനിൽ ബോധ്യപ്പെട്ടു. ആയതിനാൽ ഈ ബാക്കി ഭാഗത്തെ കല്ലിടൽ പ്രവർത്തി കൂടി പൂർത്തീകരിച്ച ശേഷം അറിയിക്കാൻ RIQCL ആവശ്യപ്പെടുകയുണ്ടായി. സംയുക്ത പരിശോദന സമയത്തുള്ള പ്രദേശ വാസികളുടെ എതിർപ്പ് ജനപ്രതിനിതികളെ അറിയിക്കുകയും ചെയ്തു.

പാലം നിരത്ത് വിഭാഗത്തിന്റെ വേങ്ങര ഫ്ലൈ ഓവർ പ്രൊപ്പോസൽ വരുന്ന സാഹചര്യത്തിൽ, നിലവിലുള്ള വേങ്ങര ബൈപ്പാസിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തി താൽക്കാലികമായി നിർത്തിവെക്കാൻ അന്നത്തെ എം എൽ എ CMT യോഗത്തിൽ ശുപാർശ ചെയ്യുകയും ചെയ്തു.

5. **ഫറോക്ക് IOC ബൈപാസ്സ്**

ഫറോക്ക് IOC ബൈപാസ്സ്, കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുൻസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന പൊറ്റെക്കാട് ജംഗ്ഷനെയും ഫറോക്ക് - പേട്ട മാർക്കറ്റ് റോഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഗ്രീൻ ഫീൽഡ് അലൈൻമെന്റ് ആണ്. ഇത് പ്രധാനമായും ജനസാന്ദ്രത ഏറിയ പ്രദേശങ്ങളിലൂടെയാണ് കടന്നുപോകുന്നത്. കോഴിക്കോട് താലൂക്കിലെ ഫറോക്ക് വില്ലേജിൽ ഉൾപ്പെടുന്ന 441.825 സെന്റ് സ്ഥലം പ്രസ്തുത പദ്ധതിയ്ക്കായി ഏറ്റെടുക്കേണ്ടി വരും എന്നാണ് കണക്കാക്കുന്നത്. 1.428 കി മി ദൂരം വരുന്ന പ്രസ്തുത ബൈപ്പാസ് റോഡിൻറെ നിർമാണത്തിനും സ്ഥലമേറ്റെടുപ്പിനുമായി 38.154കോടി രൂപ ചിലവ് വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് അഡ്മിനിസ്ട്രേറ്റീവ് വകുപ്പിന്റെ അനുമതി നൽകി. ആയത് പ്രകാരം 24/06/2024-ൽ കീഫ്ബിക്ക് DPR സമർപ്പിച്ചിട്ടുണ്ട്.

6. **ചക്കരക്കൽ ബൈപാസ്സ്**

ചക്കരക്കൽ ബൈപാസ്സ് കണ്ണൂർ ജില്ലയിലെ താഴെ ചൊവ്വ ഭാഗത്തു മൗവ്വഞ്ചേരി എച്ചൂർ റോഡ് ജംഗ്ഷനു സമീപം ആരംഭിച്ച്, അഞ്ചരക്കണ്ടി ഭാഗത്തു സഹകരണ ഡയാലിസിസ് സെന്ററിന് അപ്പുറം അവസാനിക്കുന്നതായിട്ടാണ് പ്രൊപ്പോസ് ചെയ്തിരുന്നത് .

മുഖ്യ മന്ത്രിയുടെ അഡിഷണൽ പ്രൈവറ്റ് സെക്രട്ടറിയും പ്രാദേശിക പ്രതിനിധികളും ഉൾപ്പെടെ ധർമ്മടം മണ്ഡലത്തിൽ 11.10.2023 ൽ നടന്ന മീറ്റിംഗിൽ ചക്കരക്കൽ ബൈപാസ്സ്

തത്കാലം മാറ്റിവെയ്ക്കാനും ചക്കരക്കൽ ജംഗ്ഷൻ പുനരുദ്ധാരണ പദ്ധതിയുമായി മുന്നോട്ടുപോകവാനും തീരുമാനിക്കുകയുണ്ടായി.

KRFB- PMU എം. സി. റോഡിന്റെ നാലുവരിപ്പാത വികസനം (ഭരണാനുമതി G.O(Rt)No.1069/2022/PWD dated 05.11.2022)

കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടത്തി എം.സി റോഡിന്റെ വികസനത്തിനായി സർക്കാർ ഉത്തരവ് GO(Rt) No 1069/2022/PWD Dated: 05-11-2022 പ്രകാരം കേശവദാസപുരം മുതൽ അങ്കമാലി വരെ എം.സി റോഡ് നാല് വരി ആക്കുന്നതിനും കൊല്ലം -ചെങ്കോട്ട റോഡ് നാല് വരി ആക്കുന്നതിനുമായി 1500 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നു. ടി പദ്ധതിയുടെ DPR തയ്യാറാക്കുന്നതിന് PWD Design വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സമർപ്പിച്ച പ്രീ -ഫീസിബിലിറ്റി റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ 14/06/2023 ൽ നടന്ന മീറ്റിംഗിൽ MC റോഡിൻറെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ ആരംഭിക്കുന്നതിനുമായി പ്രാരംഭഘട്ടത്തിൽ ടി പ്രവർത്തിയെ നാല് ഘട്ടങ്ങളായി തിരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതു ചുവടെ ചേർക്കുന്നു.

സ്പെച്ച് 1 മണ്ണന്തല മുതൽ തൈക്കാട് വരെ തിരുവനന്തപുരം ജില്ല
സ്പെച്ച് 2 തൈക്കാട് മുതൽ വാഴോട് വരെ തിരുവനന്തപുരം ജില്ല
സ്പെച്ച് 3 വാഴോട് മുതൽ ഏനാത്ത് വരെ കൊല്ലം ജില്ല
സ്പെച്ച് 4 ഏനാത്ത് മുതൽ ചെങ്ങന്നൂർ വരെ പത്തനംതിട്ട ജില്ല

ആയതിൻ പ്രകാരം ആവശ്യമായ സർവ്വേയും ഇൻവെസ്റ്റിഗേഷനും നടത്തി കരട് അലൈൻമെന്റ് തയ്യറാക്കിയിട്ടുള്ളതുമാണ്. നിലവിൽ കരട് അലൈന്മെന്റിന്റെ ഫീസിബിലിറ്റി പഠനം നടന്നു വരുന്നു.

കൂടതെ ടി പദ്ധതിയുടെ ഉപപദ്ധതിയായ കൊട്ടാരക്കര ബൈപ്പാസ് നിർമ്മാണത്തിനായി PWD025-01_APR-1_2023_KIIFB dated 27-04-2023 പ്രകാരം 110.355 രൂപയുടെ സാമ്പത്തികാനുമതിയും തുടർന്ന് 24-02-2026 തീയതിയിലെ PWD025-01/APR-1/2026/KIIFB ഉത്തരവ് പ്രകാരം 254.81 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുള്ളതാണ്. കൊട്ടാരക്കര ബൈപ്പാസ് നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്